"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡിന് നിക്ഷേപിച്ച തുക തിരികെ വാങ്ങി ഗവണ്മെന്റ് അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.132/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/01/2022

പരാമർശം:-

1. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2021 ലെ ഇ2 4679/2017 നമ്പർ കത്ത്.
2. 18/12/2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.45.

**ഉത്തരവ്**

കണ്ണൂർ ജില്ലാ പഞ്ചായത്ത് ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കാൻ 2016-17 മുതൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. വിശദാംശം താഴെ പറയും പ്രകാരമാണ്.

| വർഷം | പ്രോജക്റ്റ് നമ്പർ | അടങ്കൽ തുക(വികസനഫണ്ട് ജനറൽ) |
|---|---|---|
| 2016-17 | 837/17 (ഒന്നാം ഘട്ടം) | 5,49,34,894/-രൂപ |
| 2017-18 | 467/18 (രണ്ടാം ഘട്ടം) | 2,74,26,792/-രൂപ |
| 2018-19 | 406/19 (മൂന്നാം ഘട്ടം) | 2,00,00,000/-രൂപ |
| 2019-20 | 68/20 (നാലാം ഘട്ടം) | 2,82,00,000/-രൂപ |
| **ആകെ** | | **13,05,61,686/- രൂപ** |

2. മേൽ തുക അതത് വർഷം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കെ.എസ്.ഇ.ബി. ഈ പ്രവൃത്തിയെല്ലാം ടെണ്ടർ ചെയ്താണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാംഘട്ട പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതി കെ.എസ്.ഇ.ബി. ടെണ്ടർ ചെയ്തു. കരാർ പ്രകാരം 09.12.2019-ൽ പൂർത്തീകരിക്കേണ്ടതാണെങ്കിലും ഇതുവരെ നടപ്പാക്കിയില്ല. ഈ സാഹചര്യത്തിൽ മൂന്ന്, നാല് ഘട്ട പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്നും തുക തിരികെ നൽകാമെന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. മൂന്ന്, നാല് ഘട്ടത്തിലെ തിരികെ നൽകുന്ന ആകെ തുക 4.82 കോടി രൂപയാണ്. ഈ തുക തിരികെ നൽകുമ്പോൾ ഇത് സർക്കാരിലേക്ക് അടയ്ക്കുന്നതിന് പകരം അക്രഡിറ്റഡ് ഏജൻസി മുഖേന ഈ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം 2 തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ, ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിക്ഷേപിച്ച തുകയിലെ മൂന്നും നാലും ഘട്ട പ്രവൃത്തികളുടെ തുകയായ 4,82,00,000/- രൂപ ടി സ്ഥാപനം തിരികെ നൽകുന്നത് സർക്കാരിലേക്ക് അടയ്ക്കുന്നതിന് പകരം ജില്ലാ പഞ്ചായത്ത് അക്രഡിറ്റഡ് ഏജൻസി വഴി പദ്ധതി നേരിട്ട് നിർവ്വഹണം നടത്തുന്നതിന്, ജില്ലാ പഞ്ചായത്തിന്റേതല്ലാത്ത വീഴ്ചയായതിനാൽ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.ലിമിറ്റഡ്, തിരുവനന്തപുരം.

സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്, കണ്ണൂർ.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Reeny
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി